| സമയം : 12.30 പി.എം | തീയതി : 6.03.2012 |
| --- | --- |

# പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് വർധിച്ചുവരുന്ന കർഷക ആത്മഹത്യ ഇല്ലാതാക്കാൻ യു ഡി എഫ് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നാരോപിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

2. കേരളത്തിൽ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ കോൺസ്റ്റബിൾമാർ ഉൾപ്പെടെ നൂറിൽപ്പരം പൊലീസുകാരെ കൂടി ഇന്ന് മുതൽ ട്രെയിനുകളിൽ നിയോഗിക്കും.

3. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ വിലകൊടുത്ത് വൈദ്യുതി വാങ്ങിയാണെങ്കിലും സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകാതെ നോക്കുമെന്ന് മന്ത്രി ശ്രീ ആര്യാടൻ മുഹമ്മദ്.

4. നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന അഞ്ച് സംസ്ഥാനങ്ങളിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി ഏറ്റവും വലിയ ഒറ്റക്കക്ഷി ആയേക്കും. മണിപ്പൂരിൽ കോൺഗ്രസിന് വൻ മുന്നേറ്റം. പഞ്ചാബിൽ ശിരോമണി അകാലിദൾ-ബി ജെ പി സഖ്യം അധികാരത്തിലേക്ക്.

******** ******** ********

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യ ഇല്ലാതാക്കാൻ യു.ഡി.എഫ് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലാ എന്നാരോപിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി. ശ്രീ. മുല്ലക്കര രത്നാകരന്റെ അടിയന്തര പ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിനെതുടർന്നായിരുന്നു പ്രതിപക്ഷ വാക്കൗട്ട്. കഴിഞ്ഞ 5 മാസങ്ങൾക്കുള്ളിൽ 47 കർഷകർ ആത്മഹത്യ ചെയ്തതായും ഇതിൽ 17 പേരും വയനാട്ടിൽ നിന്നുള്ളവരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കർഷകരുടെ പ്രതിസന്ധികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കർഷക

ആത്മഹത്യ ദുഃഖകരമാണെന്നും അതേസമയം ഖജനാവിൽ ആവശ്യത്തിന് ധനം ലഭ്യമായിട്ടും എൽ.ഡി.എഫ് ഭരണകാലത്ത് കർഷക കടാശ്വാസം മുഴുവൻ വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്നും മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാഠി ചൂിക്കാട്ടി. കാർഷിക കടങ്ങൾ തിരിച്ചുപിടിക്കുന്നത് മരവിപ്പിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുന്നെും അദ്ദേഹം പറഞ്ഞു. പിഴപലിശ ഒഴിവാക്കും. വയനാടിനെ കാർഷിക ദുരന്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുന്നെും മുഖ്യമന്ത്രി അറിയിച്ചു. എന്നാൽ കാർഷിക പ്രതിസന്ധി നീക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ഒട്ടും ഫലപ്രദമല്ലെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ കുറ്റപ്പെടുത്തി. കർഷക ആത്മഹത്യയോട് ഗവൺമെന്റ് നിസംഗത പുലർത്തുകയാണെന്നാരോപിച്ച് പിന്നീട് പ്രതിപക്ഷം സഭയിൽ നിന്നിറങ്ങിപ്പോവുകയായിരുന്നു.

********

സുകുമാർ അഴീക്കോട്, പി കെ നാരായണപ്പണിക്കർ എന്നിവരുടെ നിര്യാണത്തിൽ സംസ്ഥാന നിയമസഭ അനുശോചിച്ചു.മഹത് വ്യക്തികളുടെ വേർപാടിൽ സ്പീക്കർ ശ്രീ ജി കാർത്തികേയൻ ദുഃഖം രേഖപ്പെടുത്തി. ഇരുവരുടേയും വേർപാടിൽ സഭ ഒരു മിനിട്ട് മൗനം ആചരിച്ചു.

********

റെയിൽ യാത്രക്കാരുടെ സുരക്ഷയ്ക്കായി 60 പൊലീസുകാരെക്കൂടി ഇന്ന് മുതൽ സംസ്ഥാനത്തെ ട്രെയിനുകളിൽ നിയോഗിക്കും. ഇതിനുപുറമെ 56 വനിതാ പൊലീസുകാരെയും നിയോഗിക്കുമെന്ന് മന്ത്രി ശ്രീ ആര്യാടൻ മുഹമ്മദ് നിയമസഭയെ അറിയിച്ചു. പാലക്കാട് കോച്ച് ഫാക്ടറി മൂന്നു കൊല്ലം കൊണ്ട് പൂർത്തിയാക്കുമെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ പറഞ്ഞു. ചേർത്തല ഓട്ടോകാസ്റ്റ് ഫാക്ടറിയെക്കുറിച്ച് റൈറ്റ്സിന്റെ പഠന റിപ്പോർട്ട് കിട്ടിയാൽ തീരുമാനമുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.

********

മാലിന്യ സംസ്കരണത്തിന് സ്വിറ്റ്സർലന്റിൽ നിന്നുള്ള സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ ഉടൻ നടപ്പിലാക്കുമെന്നും ഇത്

വിജയിക്കുകയാണെങ്കിൽ സംസ്ഥാനത്താകെ വ്യാപകമാക്കുമെന്നും മന്ത്രി ശ്രീ പി കെ കുഞ്ഞാലിക്കുട്ടി നിയമസഭയെ അറിയിച്ചു. ഇതുവരെ പരമ്പരഗത മാലിന്യ നിർമാർജനമാണ് കേരളം അവലംബിച്ചിരുന്നത് എന്ന് മന്ത്രി പറഞ്ഞു. പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം ഇപ്പോൾ സാധ്യമാണെന്നും റോഡ് നിർമാണത്തിൽ സംസ്കരിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. മലബാർ സിമന്റിലും പ്ലാസ്റ്റിക് ഉപയോഗിക്കുമെന്ന് ചോദ്യോത്തരവേളയിൽ മന്ത്രി വ്യക്തമാക്കി.

********

അന്യ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ വിലകൊടുത്ത് വൈദ്യുതി വാങ്ങിയാണെങ്കിലും സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകാതെ നോക്കുമെന്ന് മന്ത്രി ശ്രീ ആര്യാടൻ മുഹമ്മദ് പറഞ്ഞു. കേന്ദ്ര പൂളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമായതായും അദ്ദേഹം നിയമസഭയെ അറിയിച്ചു. സംസ്ഥാനത്തെ സമ്പൂർണ വൈദ്യുതീകരണ പരിപാടി പുരോഗമിക്കുകയാണെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ അറിയിച്ചു. ഒറീസയിലെ വൈതരണി, സംസ്ഥാനത്ത് ചീമേനി, പുതുവൈപ്പ് എന്നിവിടങ്ങളിൽ പുതുതായി വൈദ്യുതി ഉൽപ്പാദിപ്പിക്കും. കായംകുളം താപനിലയത്തിൽ 1180 മെഗാവാട്ട് വൈദ്യുതി അധികം ഉൽപാദിപ്പിക്കാൻ വിപുലീകരണ പ്രക്രിയ നടത്തുമെന്നും മന്ത്രി അറിയിച്ചു. ബി പി എൽ ഫാമിലികൾക്ക് പുറമെ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് 1000 വാട്ട്സിന് താഴെയുള്ള വൈദ്യുത കണക്ഷൻ നൽകുന്നതിന് പണം ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതിനെ തെറ്റായി വ്യാഖ്യാനിച്ച് പണം ഈടാക്കിയാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമെന്നും വൈദ്യുതി മന്ത്രി പറഞ്ഞു.

********

കണ്ണൂർ ജില്ലയിൽ സ്വകാര്യ ബസ് പണിമുടക്ക് പൂർണ്ണം. ബസുകൾക്ക് നേരെ അടിയ്ക്കടി ഉാകന്ന അക്രമത്തിൽ പ്രതിഷേധിച്ച് ബസ്സ് ഓണേഴ്സ് അസോസിയേഷൻ കോ ഓർഡിനേഷൻ കമ്മിറ്റിയാണ് ബസ് സമരത്തിന് ആഹ്വാനം ചെയ്തത്. ചില റൂട്ടുകളിൽ കെ.എസ്. ആർ.ടി.സി അധിക സർവ്വീസ് നടത്തുന്നുണ്ട്.

********

മാവേലിക്കര-ചെങ്ങന്നൂർ റയിൽപാതയിൽ ഇരട്ടിപ്പിക്കൽ ജോലി നടക്കുന്നതിനാൽ തീവണ്ടി ഗതാഗതത്തിൽ മാറ്റങ്ങൾ വരുത്തിയ പശ്ചാത്തലത്തിൽ പ്രത്യേക സർവീസുകൾ നടത്തുമെന്ന് കെ.എസ്.ആർ.ടി.സി അറിയിച്ചു. യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ചെങ്ങന്നൂർ-കായംകുളം-മാവേലിക്കര എന്നിവിടങ്ങളിൽ നിന്നാണ് പ്രത്യേക സർവീസുകൾ നടത്തുന്നത്.

********

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന 5 സംസ്ഥാനങ്ങളിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. 403 അംഗ ഉത്തർപ്രദേശിൽ മുലായംസിംഗിന്റെ സമാജ്‌വാദി പാർട്ടി 192 സീറ്റുകളിൽ മുന്നേറുന്നു. മായാവതി നയിക്കുന്ന ബി.എസ്.പി 101 സീറ്റുകളിൽ മുന്നിലാണ്. കോൺഗ്രസും അജിത് സിംഗ് നയിക്കുന്ന രാഷ്ട്രീയ ലോക്ദളും ഇവിടെ സഖ്യത്തിലാണ്. അവർ 52 സീറ്റുകളിലാണ് മുന്നേറുന്നത്. 117 അംഗ പഞ്ചാബ് നിയമസഭയിൽ ഭരണകക്ഷിയായ ശിരോമണി അകാലിദൾ-ബി.ജെ.പി സഖ്യം അധികാരത്തിൽ എത്തിയേക്കും. ഉത്തരാഖണ്ഡിൽ ബി.ജെ.പിയും കോൺഗ്രസും ഇപ്പോൾ ഒപ്പത്തിനൊപ്പമാണ്. 70 സീറ്റുകളാണ് ഇവിടെയുള്ളത്. 40 അംഗ ഗോവ നിയമസഭയിൽ ബി.ജെ.പി 9 സീറ്റുകളിലും കോൺഗ്രസ് 5 സീറ്റുകളിലും മുന്നേറുന്നു. ഉത്തർപ്രദേശിലെ റായ്ബറേലി അമേഠി മണ്ഡലങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ പിന്നിലാണ്. മണിപ്പൂരിൽ 60 അംഗ നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് മുന്നേറുന്നു.

********

നാളെ നടക്കുന്ന പ്രശസ്തമായ ആറ്റുകാൽ പൊങ്കാലയ്ക്ക് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. രാവിലെ 10.15 ന് പൊങ്കാല അടുപ്പുകളിൽ തീ പകരും. ഉച്ചയ്ക്ക് 2.30 നാണ് പൊങ്കാല നിവേദ്യം. ഏകദേശം 35 ലക്ഷം ഭക്തർ നാളത്തെ പൊങ്കാലയിൽ പങ്കുചേരുമെന്ന് ക്ഷേത്രഭാരവാഹികൾ അറിയിച്ചു. റെയിൽവേയും കെ.എസ്.ആർ.ടി.സിയും ഭക്തർക്കായി വിപുലമായ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് ഓഫീസുകൾക്കും ഇന്ന് ഉച്ചയ്ക്ക് ശേഷം അവധിയായിരിക്കും.

********

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമോന്നത സമിതി മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ സമ്മേളനം നാളെ ഉച്ചയ്ക്ക് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് അങ്കണത്തിൽ ആരംഭിക്കും. സമ്മേളനത്തിനായി പ്രത്യേകം തയ്യാറാക്കിയ പന്തലിൽ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ സമ്മേളനം ഉദ്ഘാടനം

ചെയ്യും. സഭയുടെ വൈദിക ട്രസ്റ്റിയേയും അൽമായ ട്രസ്റ്റിയേയും നാളെ സമ്മേളനത്തിൽ തിരഞ്ഞെടുക്കും. ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും നാലായിരം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. അസോസിയേഷനു മുന്നോടിയായി ഇന്ന് ഉച്ചയ്ക്ക് പത്തനംതിട്ട ബേസിൽ അരമനയിൽ നിന്ന് ദീപശിഖാ പ്രയാണം ആരംഭിക്കും. മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്ററിൽ പരുമല, പുത്തൻകാവ് എന്നിവിടങ്ങളിൽ എത്തിയതിനുശേഷം വൈകിട്ട് പത്തനംതിട്ടയിൽ തിരിച്ചെത്തും.

********

മലങ്കര കത്തോലിക്കാ സഭയുടെ നാലു ദിവസം നീളുന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടക്കുന്നു. സഭയിലെ 12 ബിഷപ്പുമാർ സുന്നഹദോസിൽ പങ്കെടുക്കുന്നുണ്ട്. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ആസൂത്രണം ചെയ്ത പദ്ധതികളാണു സുന്നഹദോസ് മുഖ്യമായും ചർച്ച ചെയ്യുന്നത്. കേരളത്തിലും വിദേശത്തുമുള്ള സഭയുടെ പ്രവർത്തനങ്ങൾ വിലയിരുത്തും.

********

മലങ്കര കത്തോലിക്കാ സഭയിലെ വിശുദ്ധ മൂറോൻ കൂദാശ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഒൻപത്, പത്ത് തീയതികളിൽ നടക്കും. ഒൻപതു വർഷത്തിനു ശേഷമാണ് ഇത്തരമൊരു ചടങ്ങ്. സഭയിലെ വിശുദ്ധ കർമങ്ങൾക്ക് ഉപയോഗിക്കുന്ന തൈലമായ വിശുദ്ധ മൂറോൻ, ശുദ്ധമായ ഒലിവി എണ്ണയിൽ നൂറിലേറെ സുഗന്ധദ്രവ്യങ്ങൾ ചേർത്താണ് തയാറാക്കുന്നത്.

********

പത്തനംതിട്ട ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ജലവകുപ്പിന്റെ തിരുവല്ലാ ഡിവിഷന്റെ കീഴിൽ വരുന്ന ജലവിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണിക്കായി ഒരു കോടിയോളം രൂപയുടെ പ്രവർത്തികൾക്ക് ജില്ലാ കളക്ടർ അനുമതി നൽകി. ഇതിന് പുറമെ തണ്ണിത്തോട്, റാന്നി, അങ്ങാടി, ഇരവിപേരൂർ, ചെറുകോൽപ്പുഴ, തോട്ടപ്പുഴശ്ശേരി, മല്ലപ്പുഴശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ

101 കുഴൽ കിണറുകളുടെ അറ്റുകറ്റപ്പണികൾക്കായി 6 ലക്ഷത്തി 53 ആയിരം രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്.

********

തൃശൂരിലെ ടെലിഗ്രാഫ് പത്രം ഏർപ്പെടുത്തിയ 14-ാമത് മാധ്യമ പുരസ്കാരത്തിന് പ്രമുഖ പത്രപ്രവർത്തകൻ കെ എം റോയി അർഹനായി. 10,001 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങിയതാണ് പത്രാധിപർ കെ വി ഡാനിയേലിന്റെ പേരിലേർപ്പെടുത്തിയ അവാർഡെന്ന് ടെലിഗ്രാഫ് ചീഫ് എഡിറ്റർ വില്യംസ് റവാനിയൽ തൃശൂരിൽ അറിയിച്ചു.

********

അടുത്തമാസം കോഴിക്കോട്ട് നടക്കുന്ന സി പി ഐ (എം) 20-ാം പാർട്ടി കോൺഗ്രസിന്റെ ഭാഗമായി സാംസ്കാരികോത്സവം നാളെ രാവിലെ എഴുത്തുകാരൻ എം മുകുന്ദൻ ഉദ്ഘാടനം ചെയ്യും. കോഴിക്കോട്ടെ മൺമറഞ്ഞ സാംസ്കാരിക നായകരുടെ സ്മാരകങ്ങളും ഭവനങ്ങളും സിനിമ, നാടക, സാംസ്കാരിക പ്രവർത്തകർ സന്ദർശിക്കും. വൈക്കം മുഹമ്മദ് ബഷീർ, തിക്കോടിയൻ, കെ പി കേശവമേനോൻ, ഉറൂബ്, എൻ പി മുഹമ്മദ്, കെ ടി മുഹമ്മദ്, മൊയ്തു മൗലവി, കോഴിക്കോട് ശാന്താദേവി തുടങ്ങിയവരെയാണ് ആദരിക്കുക. സാംസ്കാരിക യാത്ര, നാടകോത്സവം, ചിത്രകാര കൂട്ടായ്മ, കളരിപ്പയറ്റ്, തെരുവ് നാടകങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും.

******** ******** ******** ******** ******** ********